**പതിമൂന്നാം കേരളനിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2642**

**19.02.2016 ലെ മറുപടിയ്ക്ക്**

## ഗവൺമെന്റ് ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 02.01.2010-ലെ സ.ഉ. (കൈയ്യെഴുത്ത്) 2/2010/പൊ.വി. ഉത്തരവു പ്രകാരം സംസ്ഥാനത്തെ എത്ര പഞ്ചായത്ത് സ്കൂളുകളാണ് ഗവൺമെന്റ് ഏറ്റെടുത്തത്; | (എ) | 104 പഞ്ചായത്ത് സ്കൂളുകൾ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരം പി.എസ്.സി. മുഖേനയല്ലാതെ അദ്ധ്യാപക നിയമനം ലഭിച്ചവരുടെ കോമൺ പൂൾ രൂപീകരിക്കുകയുണ്ടായോ; | (ബി) | കോമൺപൂൾ രൂപീകരിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത കോമൺ പൂളിലെ സീനിയോറിറ്റി പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ഹെഡ് മാസ്റ്റർമാരുടെ ശമ്പള സ്കെയിൽ, പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് തുടങ്ങിയ കാര്യങ്ങളിൽ ഇനിയും വ്യക്തമായ ഉത്തരവുകളുണ്ടായിട്ടില്ല എന്നതിനാൽ ഈ വിഭാഗത്തിലെ അദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | പ്രസ്തുത പ്രശ്നത്തിനുള്ള പരിഹാര നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പൊതുവായ സർവ്വീസ് പ്രശ്നങ്ങളുള്ള പക്ഷം, അവയെല്ലാം ചൂണ്ടിക്കാണിക്കുവാനും പരിഹാര നിർദ്ദേശങ്ങൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാനും ഡി.പി.ഐ യ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പഞ്ചായത്ത് ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്ക് ഗസറ്റഡ് പദവി നൽകുന്നതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ